ചുമട്ടുതൊഴിലാളികൾക്ക് പെൻഷൻ

48 [2240] ശ്രീ. ജെ. ചിത്തരഞ്ജൻ:
,, എ. എം. പരമൻ:
ഡോക്ടർ എ. വി. ഐസക്ക്:
ശ്രീ. പി. രവീന്ദ്രൻ:
,, സത്യൻ മൊകേരി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചുമടു-നിർമ്മാണ തൊഴിലാളികളുടെ ക്ഷേമ പദ്ധതികൾ ഏകീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) എല്ലാ ചുമട്ടു തൊഴിലാളികൾക്കും ആയുഷ്ക്കാല പെൻഷൻ ലഭിക്കുന്നതിന് വേണ്ടി നിയമത്തിൽ ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) 1983-ലെ കേരള ചുമട്ടു തൊഴിലാളി പദ്ധതിയുടെ കീഴിൽ വരുന്ന ചുമട്ടു തൊഴിലാളികളുടെ തൊഴിൽ ക്രമീകരണം, ജോലിക്ക് നിയോഗിക്കൽ, അവരുടെ മാസാന്ത്യവേതനം നല്കൽ, ബോണസ് നല്കൽ മുതലായ എല്ലാ ജോലികളും ചുമട്ടു തൊഴിലാളി നിയമം 18-ാം വകുപ്പ് അനുസരിച്ച് രൂപീകരിക്കുന്ന കമ്മിറ്റിയാണ് നിർവഹിക്കുന്നത്. മറ്റ് യാതൊരു ക്ഷേമപദ്ധതികളനുസരിച്ചും ഇപ്രകാരം ക്ഷേമനിധി ബോർഡുകൾ തന്നെ തൊഴിലുടമയായി വർത്തിക്കുന്നില്ല. ഒരു കോൺട്രാക്ടറുമായോ തൊഴിലുടമയുമായോ വ്യക്തമായ തൊഴിലാളി തൊഴിലുടമ ബന്ധമില്ലാത്ത ചുമട്ടു തൊഴിലാളികളാണ് നിലവിലുള്ള 1983-ലെ ചുമട്ടുതൊഴിലാളി ക്ഷേമ പദ്ധതിയിൽ വരുന്നത്. ടി കാരണങ്ങൾകൊണ്ട് ചുമട്ടു-നിർമ്മാണ തൊഴിലാളികളുടെ ക്ഷേമ പദ്ധതികൾ ഏകീകരിക്കാൻ പ്രായോഗികമായി ബുദ്ധിമുട്ടുകളുണ്ട്.

(സി) 1978-ലെ ചുമട്ടു തൊഴിലാളി നിയമമനുസരിച്ച് സർക്കാരിനോ അതിലധികമോ പദ്ധതിയോ പദ്ധതികളോ ഉണ്ടാക്കുവാൻ അധികാരങ്ങളുണ്ട്.

കൈത്തറിത്തൊഴിലാളികൾക്ക് പെൻഷൻ

49 [2241] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറിത്തൊഴിലാളികൾക്ക് പെൻഷൻ ഇനത്തിൽ ഈ ഗവൺമെന്റ് ഇതുവരെ എന്തു തുക വിതരണം ചെയ്തു; ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിനുവേണ്ടി ചെലവഴിച്ച തുക പ്രതിവർഷം എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) 1991 ഫെബ്രുവരി വരെ ഈ ഇനത്തിൽ എന്തു തുക ചെലവഴിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൈത്തറിത്തൊഴിലാളികൾക്ക് കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി ബോർഡു മുഖാന്തിരം 28-3-1991 വരെ 5,68,517·50 രൂപ പെൻഷനായി നൽകിയിട്ടുണ്ട്.

ജില്ല തിരിച്ചുള്ള കണക്ക്

കാസർകോട്	..	3,075·00
കണ്ണൂർ	..	90,049·00
കോഴിക്കോട്	..	39,000·00
മലപ്പുറം	..	9,450·00
എറണാകുളം	..	57,300·00
തൃശ്ശൂർ	..	30,225·00
പാലക്കാട്	..	70,954·00
കോട്ടയം	..	10,125·00
തിരുവനന്തപുരം	..	1,31,901·00
കൊല്ലം	..	1,04,324·00
ആലപ്പുഴ	..	22,114·00

(ബി) 1989-90-ൽ

കണ്ണൂർ	..	18,700·00
തിരുവനന്തപുരം	..	3,300·00
കൊല്ലം	..	3,450·00
ആകെ	..	25,450·00

1990-91 മാർച്ച് 25 വരെ

കാസർകോട്	..	3,075·00
കണ്ണൂർ	..	71,349·00
കോഴിക്കോട്	..	39,000·00
മലപ്പുറം	..	9,450·00
എറണാകുളം	..	57,300·00
തൃശ്ശൂർ	..	30,225·00
പാലക്കാട്	..	70,954·00
കോട്ടയം	..	10,125·00
തിരുവനന്തപുരം	..	1,28,601·00
കൊല്ലം	..	1,00,874·00
ആലപ്പുഴ	..	22,114·00
ആകെ	..	5,43,067·50

(സി) 1991 ഫെബ്രുവരി 28-ാം തീയതി വരെ ഈ ഇനത്തിൽ 4,08,941·50 രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly